# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T7380** — **14.7.2014-ൽ മറുപടിക്ക്**

**കോഴിക്കോട് ജില്ലയിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് ജില്ലയിലെ നഗരസഭകളിൽ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ചിട്ടുളള തുക എത്രയെന്ന് നഗരസഭകൾ തിരിച്ച് വിശദമാക്കുമോ; ഇതിൽ ഓരോ നഗരസഭയും ചെലവഴിച്ച തുകയെത്രയെന്നറിയിക്കുമോ; | (എ) | മാലിന്യ സംസ്ക്കരണത്തിന് പദ്ധതികൾ തയ്യാറാക്കി നൽകുന്ന നഗരസഭകൾക്കു മാത്രമാണ് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും നൽകുന്നത് മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്ന തിലേയ്ക്കായി പദ്ധതി തയ്യാറാക്കി നൽകിയ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നഗരസഭയുടെ പദ്ധതിക്ക് 43 ലക്ഷം രൂപയ്ക്കുളള പദ്ധതിയ്ക്ക് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 100% സാമ്പത്തിക സഹായവും 2011-12, 2012-13 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. ആയത് ചെലവഴിച്ച് പദ്ധതി നടപ്പിലാക്കേണ്ട ചുമതല നഗരസഭയിൽ നിക്ഷിപ്തമാണ്. ജില്ലയിലെ മറ്റു നഗരസഭകളിൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുക, നഗരസഭകൾ ചെലവഴിച്ച തുക, എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അറിയിക്കുന്നതാണ്. |
| (ബി) | കോംപ്രിഹെൻസിവ് വേസ്റ്റ് മാനേജ്മെന്റ് സ്കീമിൽപ്പെടുത്തി 2011-12, 2012-13, 2013-14 വ ർഷങ്ങളിൽ കൊയിലാണ്ടി നഗരസഭയ്ക്ക് എന്തു തുക അനുവദിച്ചു; നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) | കോംപ്രിഹെൻസിവ് വേസ്റ്റ് മാനേജ്മെൻറ് സ്കീമിൽ ഉൾപ്പെടുത്തി മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് കൊയിലാണ്ടി നഗരസഭയ്ക്ക് 43 ലക്ഷം രൂപയുടെ അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 100% സാമ്പത്തിക സഹായമായ 43 ലക്ഷം രൂപയും 2011-12, 2012-13 കാലഘട്ടത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 3505400/- രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 1586033/- രൂപയും 2011-12 വർഷത്തിൽ കൊയിലാണ്ടി നഗരസഭയ്ക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| സി) | 2014-2015 വർഷത്തിൽ കൊയിലാണ്ടി നഗരസഭയിൽ നടപ്പാക്കുന്ന വേസ്റ്റ് മാനേജ്മെന്റ് പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ? | സി) | 2014-2015 വർഷത്തിൽ കൊയിലാണ്ടി നഗരസഭ വേസ്റ്റ് മാനേജ്മെന്റ് പദ്ധതികൾ ഒന്നും തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ